# IExaMS : പരീക്ഷാദിന പ്രവർത്തനങ്ങൾ- നിർദ്ദേശങ്ങൾ

I. Absentees Entry :

പരീക്ഷാദിനങ്ങളിൽ പരീക്ഷ ആരംഭിച്ച് അരമണിക്കൂറിനുശേഷം Absentees Entry ആരംഭിക്കേണ്ടതാണ്. HM ലോഗിനിലെ Examination മെനുവിൽ Absentees എന്ന സബ്-മെനുവിലൂടെയാണ് 4 ഘട്ടങ്ങൾ അടങ്ങിയ Absentees Entry ചെയ്യേണ്ടത്.

1. Intitialization :

പ്രസ്തുതദിനത്തിലെ സബ്ജക്ട് സെലക്ട് ചെയ്യുമ്പോൾ ആകെ രജിസ്റ്റർ ചെയ്ത കുട്ടികളുടേയും, ക്യാൻസൽ ചെയ്ത കുട്ടികളുടേയും എണ്ണം ദൃശ്യമാകുന്നതാണ്. No. of Candidates Appeared എന്നതിനുനേരെ പ്രൈവറ്റായി (PCN+PCO) പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടി റെഗുലർ വിദ്യാർത്ഥികളുടെ എണ്ണത്തോട് ചേർത്ത് Save ചെയ്യുമ്പോൾ രണ്ടാംഘട്ടമായ Absentees First Entry-ലേക്ക് പോകുന്നതാണ്.

2. Absentees First Entry, Second Entry & Confirmation :

എത്ര വിദ്യാർത്ഥികൾ ആബ്സൻറ് ആയിരുന്നോ അത്രയും തന്നെ Text-Box-കൾ ദൃശ്യമാകുന്നതും ആബ്സൻറ് ആയ വിദ്യാർത്ഥികളുടെ രജിസ്റ്റർനമ്പർ നൽകി Save ചെയ്യുമ്പോൾ മൂന്നാംഘട്ടമായ Absentees Second Entry-ലേക്ക് പോകുന്നതാണ്. വീണ്ടും ആബ്സൻറ് ആയ വിദ്യാർത്ഥികളുടെ രജിസ്റ്റർനമ്പർ നൽകി Save ചെയ്ത് കഴിഞ്ഞാൽ അവസാന ഘട്ടമായ Final Confirmation ലേക്ക് പോകാവുന്നതാണ്. Final Confirmation ചെയ്ത് കഴിഞ്ഞാൽ Absentees Report ജനറേറ്റ് ചെയ്യാവുന്നതാണ്. ഇതിൽ ഒരു കോപ്പി പ്രത്യേക കവറിൽ വാല്യുവേഷൻ ക്യാമ്പിലേക്ക് Answer Script - നോടൊപ്പം അയയ്ക്കണം.

**അവസാനത്തെ പരീക്ഷാദിനത്തിൽ "Absent Entry" "Answer Script Dispatch Details Entry" എന്നിവ പൂർത്തിയാക്കിയാൽ മാത്രമേ DEO യ്ക്ക് കൈമാറേണ്ട consolidated Absentees Statement ജനറേറ്റ് ചെയ്യുവാൻ സാധിക്കുകയുള്ളു.**

## II. Answer Script Dispatch Details Entry :

പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ക്യാമ്പുകളിലേക്ക് അയയ്ക്കുന്ന പരീക്ഷാപേപ്പറുകളുടെ Bundle ലുകളുടെ എണ്ണവും Speed Post / Registered Post നമ്പറും രേഖപ്പെടുത്തി Save ചെയ്യേണ്ടതാണ്. അതത് ദിവസങ്ങളിൽ തന്നെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## III. Answer Script Distribution :

പരീക്ഷാപേപ്പറുകൾ അയയ്ക്കേണ്ട ക്യാമ്പ് അഡ്രസ് ലേബലും, റിപ്പോർട്ടും ലഭ്യമാകുന്ന മെനുവാണിത്. Absentees Entry പൂർത്തിയാക്കിയാൽ മാത്രമേ ഈ മെനുവിലൂടെ റിപ്പോർട്ടുകൾ എടുക്കുവാൻ സാധിക്കുകയുള്ളൂ.

**മേൽപ്പറഞ്ഞ പരീക്ഷാദിനത്തിലെ മൂന്ന് ഓൺലൈൻ പ്രവർത്തനങ്ങളും പരസ്പര പൂരിതങ്ങളായതുകൊണ്ട് അതത് ദിവസങ്ങളിൽതന്നെ അവ പൂർത്തീകരിക്കുവാനുള്ള അതീവ ശ്രദ്ധ ചീഫ് സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്.**

## IV. Answer Script Receipts Entry :

മൂല്യനിർണ്ണയ ക്യാമ്പുകളായി പ്രവർത്തിക്കുന്ന പരീക്ഷാകേന്ദ്രങ്ങൾക്ക് മാത്രം ലഭ്യമാകുന്ന മെനുവാണിത്. മറ്റ് പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും അയയ്ക്കുന്ന പരീക്ഷാപേപ്പറുകളുടെ Bundle-ലുകൾ ഓൺലൈനായി സ്വീകരണം രേഖപ്പെടുത്തുന്നതിനുള്ള മെനുവാണിത്. പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഉത്തരകടലാസ്സുകൾ അടങ്ങിയ Bundle- ലുകൾ ലഭിക്കുന്ന മുറയ്ക്ക് തന്നെ ഈ മെനുവിലൂടെ Receipts രേഖപ്പെടുത്തേണ്ടതാണ്.